**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1333** **19-09-2025 - ൽ മറുപടിയ്ക്ക്**

**കൊട്ടുവായൂർ ബൈപ്പാസ്സ് റോഡിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊട്ടുവായൂർ ബൈപാസ്സ് റോഡിന്റെ പ്രവൃത്തികൾ തുടങ്ങുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തി. ഇത് പ്രകാരം പദ്ധതി രേഖ തയ്യാറാക്കുകയും പരിശോധനകൾക്ക് ശേഷം 09.11.2018 38.20 കോടി രൂപയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തു. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം തുടക്കത്തിലും അവസാനത്തിലും കനാലിന്റെ വലത് വശത്ത് കൂടിയും ബാക്കി ഭാഗങ്ങളിൽ ഇടതു വശത്ത് കൂടിയുമാണ് ബൈപ്പാസ് വിഭാവനം ചെയ്തിരുന്നത്.ഈ അലൈൻമെന്റിന് എൻ.ഒ.സി ലഭിക്കുന്നതിന് മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകി.<br><br>എന്നാൽ കനാലിന്റെ ഇടത് വശം കൂടി നിർമ്മിക്കുന്നതിനാണ് എൻ.ഒ.സി നൽകിയത്. എൻ.ഒ.സി. തിരുത്തുന്നതിന് വീണ്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ നിരസിക്കുന്നതിനായി സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, ശിരുവാണി പ്രൊജക്റ്റ് സർക്കിൾ, പാലക്കാടിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചു. ഈ തീരുമാനം പുനപരിശോധിക്കണമെന്ന് സൂപ്രണ്ടിങ്ങ് എഞ്ചിനീയറോട് RBDCK ആവശ്യപ്പെട്ടിട്ടുള്ളത് പ്രകാരം NOC നൽകുന്നതുമായി ബന്ധപ്പെട്ട് 27.11.2024 ന് ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതി പ്രദേശത്ത് സംയുക്ത പരിശോധന നടത്തി. ടി പരിശോധനയിൽ ഇറിഗേഷൻ കനാലിന്റെ ഭാഗമായുള്ള കോൺഡ്യൂട്ട് കനാലിന് മുകളിലൂടെ ആയതിന് തകരാർ സംഭവിക്കാത്ത രീതിയിൽ മുകളിലൂടെ കൾവേർട്ട് നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ RBDCK 20.02.2025 ൽ പുതുക്കിയ അലൈൻമെന്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ടി NOC ലഭിക്കുന്ന മുറയ്ക്ക് ബൈപാസിന്റെ നടപടികൾ തുടരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത ബൈപാസ്സ് റോഡിന്റെ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | കൊടുവായൂർ ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തി. ഇത് പ്രകാരം പദ്ധതി രേഖ തയ്യാറാക്കുകയും പരിശോധനകൾക്ക് ശേഷം 09.11.2018 38.20 കോടി രൂപയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തു. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം തുടക്കത്തിലും അവസാനത്തിലും കനാലിന്റെ വലത് വശത്ത് കൂടിയും ബാക്കി ഭാഗങ്ങളിൽ ഇടതു വശത്ത് കൂടിയുമാണ് ബൈപ്പാസ് വിഭാവനം ചെയ്തിരുന്നത്.ഈ അലൈൻമെന്റിന് എൻ.ഒ.സി ലഭിക്കുന്നതിന് മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകി.<br><br>എന്നാൽ കനാലിന്റെ ഇടത് വശം കൂടി നിർമ്മിക്കുന്നതിനാണ് എൻ.ഒ.സി നൽകിയത്. എൻ.ഒ.സി. തിരുത്തുന്നതിന് വീണ്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ നിരസിക്കുന്നതിനായി സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, ശിരുവാണി പ്രൊജക്റ്റ് സർക്കിൾ, പാലക്കാടിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചു. ഈ തീരുമാനം പുനപരിശോധിക്കണമെന്ന് സൂപ്രണ്ടിങ്ങ് എഞ്ചിനീയറോട് RBDCK ആവശ്യപ്പെട്ടിട്ടുള്ളത് പ്രകാരം NOC നൽകുന്നതുമായി ബന്ധപ്പെട്ട് 27.11.2024 ന് ജലവിഭവ വകുപ്പുമായി ചേർന്ന് പദ്ധതി പ്രദേശത്ത് സംയുക്ത പരിശോധന നടത്തി. ടി പരിശോധനയിൽ ഇറിഗേഷൻ കനാലിന്റെ ഭാഗമായുള്ള കോൺഡ്യൂട്ട് കനാലിന് മുകളിലൂടെ ആയതിന് തകരാർ സംഭവിക്കാത്ത രീതിയിൽ മുകളിലൂടെ കൾവേർട്ട് നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ RBDCK 20.02.2025 ൽ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ടി NOC ലഭിക്കുന്ന മുറയ്ക്ക് ബൈപാസിന്റെ നടപടികൾ തുടരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ